ഉത്തരം

(എ) 1985–86–ലെ വെള്ളപ്പൊക്കദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ ഇറിഗേഷൻ പണികൾക്കുവേണ്ടി 1,030 ലക്ഷം രൂപ ലഭിച്ചു.

(ബി) മൈനർ ഇറിഗേഷൻ–422.50 ലക്ഷം രൂപ; ഇറിഗേഷൻ–607.50 ലക്ഷം രൂപ.

(സി) തിരുവനന്തപുരം ജില്ലയിൽ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പണികൾക്കായി 46.30 ലക്ഷം രൂപയും, മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പണികൾക്കായി 23.50 ലക്ഷം രൂപയും നൽകിയിരുന്നു. ഇതോടൊപ്പം ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പണികൾക്കാണ് മുകളിൽ കാണിച്ചിരിക്കുന്ന തുക അനുവദിച്ചിട്ടുള്ളത്.†

കിഴക്കെ കല്ലട പഞ്ചായത്തിലെ മിനി കനാലിന്റെ പണി

422 [459] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിഴക്കെ കല്ലട പഞ്ചായത്തിലെ ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മിനി കനാലിന്റെ പണികൾ എത്രത്തോളം പുരോഗമിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

പണി പൂർത്തിയായി വരുന്നു.

ഓണമ്പലം കട്ടിന്റെ പണി

423 [460] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റുമല ഏലായിലെ അധികജലം അഷ്ടമുടിക്കായലിലേക്കു ഒഴുക്കിക്കളയാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഓണമ്പലം കട്ടിന്റെ പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പണികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓണമ്പലം കട്ടിന്റെ പണി 1976–77-ൽ ഏറ്റെടുത്തു നടത്തുവാൻ അനുവദിച്ച കരാറുകാരൻ വളരെ കുറച്ചു പണികൾ മാത്രം നടത്തിയശേഷം ഏകപക്ഷീയമായി പണി നിർത്തി. അതിനാൽ ആ കരാർ റദ്ദാക്കി. തുടർന്നു രണ്ടു പ്രാവശ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രതികരണമുണ്ടായില്ല. അതിനെത്തുടർന്നു കാട്ടേഷൻ മുഖേന പണികൾ നടത്തുവാൻ ഏൽപ്പിച്ച കരാറുകാരിയും പണി തുടരാൻ കാര്യമായ ശ്രമമൊന്നും കാണിക്കാത്തതുകൊണ്ട് ആ കരാറും റദ്ദാക്കി. പ്രസ്തുത പണിയുടെ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly